# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാര്‍ച്ച് 19, വ്യാഴം

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍--30]**

മറുപടി നല്‍കുന്ന മന്ത്രിമാര്‍

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി

ജലവിഭവ വകുപ്പുമന്ത്രി

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി

പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

### ഗാര്‍ഹിക തൊഴിലാളിക്ഷേമം

*211. ശ്രീ.സി.കെ.നാണു
ശ്രീമതി.ജമീല പ്രകാശം
ശ്രീ.മാത്യു റ്റി.തോമസ്
,, ജോസ് തെറ്റയില്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഗാര്‍ഹിക തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവണ്‍മെന്റില്‍ നിന്ന് എന്തെങ്കിലും നിര്‍ദ്ദേശങ്ങള്‍ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ അവ സംബന്ധിച്ച വിശദാംശങ്ങള്‍ വ്യക്തമാക്കാമോ;

(ഡി) ഐക്യരാഷ്ട്രസഭയും ഇന്റര്‍നാഷണല്‍ ലേബര്‍ ഓര്‍ഗനൈസേഷനും ഇത് സംബന്ധിച്ച് എന്തെങ്കിലും മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) എങ്കില്‍ അത് സംബന്ധിച്ച വിശദാംശങ്ങള്‍ വ്യക്തമാക്കാമോ;

(എഫ്) ഗാര്‍ഹിക തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഐക്യരാഷ്ട്രസഭയോ ഇന്റര്‍നാഷണല്‍ ലേബര്‍ ഓര്‍ഗനൈസേഷനോ ധനസഹായം നല്‍കുന്ന വിവരം അറിവുണ്ടോ ;

(ജി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ജലസേചന പദ്ധതികൾ</u>

*212. ശ്രീ.സി.എഫ്.തോമസ്
,, റ്റി.യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള ജലസേചന പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ജലസേചന പദ്ധതികളുടെ നവീകരണവും ജലവിതരണം സംബന്ധിച്ച വാട്ടർ കലണ്ടറിന്റെ പരിഷ്ക്കരണവും കാലോചിതമായി മാറ്റുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്ര വിവാഹത്തിനായി ധനസഹായം</u>

*213. ശ്രീ.വി.പി.സജീന്ദ്രൻ
,, ഐ.സി.ബാലകൃഷ്ണൻ
,, പാലോട് രവി
,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്ര വിവാഹത്തിനായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് നൽകിവരുന്നതെന്നു വിശദമാക്കുമോ;

(ബി) ഇതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകി വന്നിരുന്നതെന്നു വ്യക്തമാക്കുമോ;

(സി) ഇപ്പോൾ നൽകി വരുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ അഭാവം</u>

*214. ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, എളമരം കരീം
ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് അവശ്യം വേണ്ട മരുന്നുകൾപോലും ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) മരുന്ന് വാങ്ങാനുള്ള പട്ടികയിൽ നിന്ന് നിരവധി അവശ്യ മരുന്നുകളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ; സാമ്പത്തിക പ്രതിസന്ധിയുണ്ടോ ; നിജസ്ഥിതി വിശദമാക്കാമോ ;

(സി) കെ.എം.എസ്.സി.എൽ.-ന് മരുന്ന് വാങ്ങിയ വകയിൽ കുടിശ്ശികയുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) മരുന്നു വാങ്ങലും വിതരണവും കെ.എം.എസ്.സി.എൽ.കാര്യക്ഷമമായി നടത്തുന്നുവെന്ന് ഉറപ്പാക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ആയുഷ് വകുപ്പ്

*215. ശ്രീ.ഇ.ചന്ദ്രശേഖരൻ
,, സി.ദിവാകരൻ
,, ജി.എസ്.ജയലാൽ
,, ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുവരെ രൂപീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) നടപ്പു സാമ്പത്തികവർഷം ആയുർവേദം, സമാന്തര ചികിത്സാ സംവിധാനങ്ങളുടെ അടിസ്ഥാന വികസനത്തിന് കേന്ദ്ര ആയുഷ് വകുപ്പ് അനുവദിച്ച തുക നഷ്ടപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര തുക കിട്ടിയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ആയുഷ് വകുപ്പ് എന്നത്തേയ്ക്ക് രൂപീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

## ദേശീയ ആരോഗ്യനയം

*216. ശ്രീ.ജെയിംസ് മാത്യു

,, എം.എ.ബേബി

,, ഇ.പി.ജയരാജൻ

,, സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആരോഗ്യനയത്തിന്റെ കരട് സർക്കാർ പരിശോധിച്ചിരുന്നോ; സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചോ;

(ബി) പ്രാഥമിക ആരോഗ്യ മേഖലയിലൊഴികെ മറ്റു മേഖലകളിൽ സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങൾ വേണ്ടതില്ലെന്ന നിലപാട് പൊതുജനാരോഗ്യരംഗത്തെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കാനും പൊതുജനങ്ങൾ ഇൻഷ്വറൻസ് പദ്ധതികൾ വഴി സേവനം വാങ്ങണമെന്നുമുള്ള നയത്തിന്റെ പ്രത്യാഘാതത്തെക്കുറിച്ച് വ്യക്തമാക്കുമോ;

(ഡി) കരട് കേന്ദ്രനയത്തിൽ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് സംസ്ഥാനം നിർദ്ദേശിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>ജല അതോറിറ്റി അദാലത്തുകൾ</u>

*217. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ

,, പി.എ.മാധവൻ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല അതോറിറ്റി അദാലത്തുകൾ നടത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം തലത്തിലാണ് ജല അതോറിറ്റി അദാലത്തുകൾ നടത്തിയിട്ടുള്ളത്;

(സി) അദാലത്തുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) അദാലത്തുകളിൽ ഏതെല്ലാം തരത്തിലുള്ള പരാതികളാണ് സ്വീകരിച്ചിട്ടുള്ളതും അവയ്ക്ക് പരിഹാരം കണ്ടെത്തിയിട്ടുള്ളതും എന്ന് വ്യക്തമാക്കുമോ;

<u>സുരക്ഷിത ഭക്ഷണം</u>

*218. ശ്രീ.കെ.മുരളീധരൻ

,, ഷാഫി പറമ്പിൽ

,, ഹൈബി ഈഡൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഫുഡ് സേഫ്റ്റി ക്ലബ്ബുകൾ ആരംഭിച്ച് സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് കുട്ടികളെ ബോധവത്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സുരക്ഷിത ഭക്ഷണം എന്ന വിഷയം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപടി സ്വീകരിക്കുമോ?

## ഇടുക്കി ഡാമിന്റെ ചലന വ്യതിയാന പഠനം

*219. ശ്രീ.മുല്ലക്കര രത്നാകരൻ

,, സി.ദിവാകരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ഡാമിന്റെ ചലന വ്യതിയാന സംവിധാനത്തിൽ പ്രശ്നങ്ങളുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് ഡാമിന്റെ കോൺക്രീറ്റ് ഘടനയെക്കുറിച്ച് വിശദമായി പഠിക്കാൻ നാഷണൽ കൗൺസിൽ ഫോർ സിമിന്റ് ആന്റ് ബിൽഡിംഗ് മെറ്റീരിയൽസിനെ കേന്ദ്ര ജലകമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ കൗൺസിൽ പഠനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) കൗൺസിൽ പഠന വിധേയമാക്കുന്ന വിഷയങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

## ഐ.ടി. തൊഴിൽ മേഖല

*220. ശ്രീ.വി.ശിവൻകുട്ടി

,, എളമരം കരീം

,, ടി.വി.രാജേഷ്

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പ്രമുഖ വിവര സാങ്കേതികവിദ്യ സ്ഥാപനമായ കൺസൾട്ടൻസ് കമ്പനി കൂട്ടപ്പിരിച്ചുവിടലിന് നീക്കം നടത്തിയ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ഐ.ടി. തൊഴിൽ മേഖല നേരിടാനിടയുള്ള ഭീഷണിയെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒന്നര ലക്ഷത്തോളം ഐ.ടി. ജീവനക്കാരിൽ എത്രപേർക്ക് ഇ.പി.എഫ്., ഗ്രാറ്റുവിറ്റി, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഐ.ടി. മേഖലയിലെ വിവിധ തൊഴിലുകൾക്കുള്ള വിദ്യാഭ്യാസ യോഗ്യത കണക്കിലെടുത്ത് മിനിമം വേതനം നിശ്ചയിക്കാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(ഡി) തൊഴിൽ വകുപ്പിൽ ഐ.ടി. മേഖലയിലെ തൊഴിലാളികളുടെ എത്ര സംഘടനകൾ ട്രേഡ് യൂണിയൻ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ ?

<u>വിസ ഓൺ അറൈവൽ സംവിധാനം</u>

*221. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, വി.ഡി.സതീശൻ

,, ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസ ഓൺ അറൈവൽ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ടൂറിസം പ്രചാരണത്തിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകുമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിന് എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ദേവസ്വം ബോർഡ് നിയമനങ്ങളിൽ സംവരണം</u>

*222. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, കെ.രാധാകൃഷ്ണൻ

,, ബി.സത്യൻ

,, കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും

കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാരുടെ നിയമനത്തിൽ സംവരണതത്വം പാലിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2010 -2014 കാലയളവിൽ നടന്ന നിയമനത്തിൽ കേവലം രണ്ടു ശതമാനം പേർ മാത്രമാണ് പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ദേവസ്വം ബോർഡിനു കീഴിലുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനത്തിൽ സംവരണതത്വം പാലിക്കാൻ നടപടി സ്വീകരിക്കുമോ?

## പട്ടിക ജാതി സ്വയം സഹായ സംഘങ്ങൾ

*223. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, പുരുഷൻ കടലുണ്ടി

ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി യുവജനങ്ങളെ വിവിധ സാങ്കേതിക മേഖലകളിൽ വിദഗ്ധ തൊഴിലാളികളാക്കി മാറ്റുന്നതിനും, പട്ടികജാതി സങ്കേതങ്ങളിൽ വനിതകളുടെ സ്വയം സഹായ സംഘങ്ങൾക്ക് രൂപം നൽകി വരുമാന പദ്ധതി നടപ്പിലാക്കുന്നതിനും 2012-13 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനായി എന്നും; ഈ പദ്ധതികൾക്കായി ചെലവഴിച്ച തുകയെത്രയായിരുന്നുവെന്നും അറിയിക്കാമോ;

(സി) പട്ടികജാതി കോളനികളെ സ്വയംപര്യാപ്ത ആവാസ കേന്ദ്രങ്ങളായി ഉയർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിരുന്നോ?

## പേറ്റന്റ് നിയമത്തിൽ ഭേദഗതി

*224. ശ്രീ.എം. ഹംസ

,, കെ.സുരേഷ് കുറുപ്പ്

,, ആർ. രാജേഷ്

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പേറ്റന്റ് നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംസ്ഥാനത്തെ ആരോഗ്യ സേവന മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക വ്യാപകമായ സാഹചര്യത്തിൽ പരിശോധന നടത്തി അതുണ്ടാക്കുന്ന പ്രത്യാഘാതം പഠിക്കാൻ തയ്യാറാകുമോ;

(സി) പ്രസ്തുത നീക്കത്തോടുള്ള നിലപാട് അറിയിക്കാമോ;

(ഡി) പേറ്റന്റ് നിയമത്തിലെ ഭേദഗതി ഉണ്ടാക്കാനിടയുള്ള പ്രത്യാഘാതം കണക്കിലെടുത്ത് കേന്ദ്ര സർക്കാരിനെ നിലപാട് അറിയിക്കാൻ നടപടി സ്വീകരിക്കുമോ?

## അമൃതം ആരോഗ്യം പദ്ധതി

*225. ശ്രീ.എം.പി.വിൻസെന്റ്

,, ലൂഡി ലൂയിസ്

,, ഷാഫി പറമ്പിൽ

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃതം ആരോഗ്യം പദ്ധതി എല്ലാ വിഭാഗം ജനങ്ങളിലുമെത്തിക്കുന്നതിനു സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) എല്ലാവിധ രോഗങ്ങളും ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുമോയെന്ന് വ്യക്തമാക്കുമോ?

## ചെറുകിട ജല സംഭരണ സംവിധാനം

*226. ശ്രീ.പി.കെ.ബഷീർ

,, കെ.മുഹമ്മദുണ്ണി ഹാജി

,, എൻ. ഷംസുദ്ദീൻ

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജല സംഭരണ സംവിധാനമൊരുക്കി ജലസംഭരണം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യക്തികൾ എന്നിവരിൽ നിന്നും ലഭിക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിന്റെ വ്യവസ്ഥകൾ സംബന്ധിച്ച് വിശദമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>കേന്ദ്ര സർക്കാരിന്റെ പുതിയ തൊഴിൽ നയം</u>

*227. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ)**

**,,** പി.കെ.ഗുരുദാസൻ

**,,** കെ.വി.വിജയദാസ്

**,,** സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായി ഇ.എസ്.ഐ പരിധിയിൽ നിന്ന് ചെറുകിട തൊഴിൽ മേഖലയിലെ തൊഴിലാളികൾ പുറത്താകുമെന്ന ആശങ്ക പരിഗണിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള എഴേകാൽ ലക്ഷത്തിലധികം വരുന്ന ഇ.എസ്.ഐ ഗുണഭോക്താക്കളിൽ എഴുപത് ശതമാനവും ഇ.എസ്.ഐ പരിധിക്ക് പുറത്തായാൽ ഉണ്ടാകാവുന്ന ഭവിഷ്യത്ത് പഠിച്ചിട്ടുണ്ടോ;

(സി) നിർമ്മാണം പാതിവഴിയിലായ കൊല്ലം പാരിപ്പള്ളിയിലെ നിർദ്ദിഷ്ട മെഡിക്കൽ കോളേജ് ഇ.എസ്.ഐ കോർപ്പറേഷൻ കൈയൊഴിയാൻ തീരുമാനിച്ചത് ഈ പാശ്ചാത്തിലായിരുന്നുവോ;

(ഡി) സംസ്ഥാനത്തെ തൊഴിലാളികൾ നേരിട്ടേക്കാവുന്ന ഭവിഷ്യത്ത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

<u>ഇ-ഹെൽത്ത് പദ്ധതി</u>

*228. ശ്രീ.പി.എ.മാധവൻ

**,,** ഡൊമിനിക് പ്രസന്റേഷൻ

**,,** വർക്കല കഹാർ

**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും

ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചുവോ; ഇല്ലെങ്കിൽ പദ്ധതി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണോ; പദ്ധതി വഴി സംസ്ഥാനത്തിന് എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടോ;വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര ജീവനക്കാർ ജോലിചെയ്യുന്നു; വിശദമാക്കുമോ?

## ക്ഷേമനിധി ബോർഡുകളിൽ നിന്നും ട്രഷറിയിലേക്ക് ഫണ്ട് മാറ്റുന്നത് മൂലമുള്ള പ്രശ്നങ്ങൾ

*229. ശ്രീ.കെ. ദാസൻ

,, കെ.കെ.ജയചന്ദ്രൻ

,, ബി.ഡി. ദേവസ്സി

,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ബോർഡുകളിൽ നിന്നും ട്രഷറിയിലേക്ക് ഫണ്ട് മാറ്റിയതു മൂലം പലിശയിനത്തിൽ ക്ഷേമനിധി ബോർഡുകൾക്ക് ലഭിച്ചിരുന്ന വരുമാനത്തിൽ വന്ന കുറവ് എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഫണ്ട് ട്രഷറിയിലേക്ക് മാറ്റിയതുമൂലം ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നതിൽ വീഴ്ച വരാതിരിക്കാൻ എന്ത് മാർഗ്ഗമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സ്വകാര്യ നഴ്സുമാരുടെ മിനിമം വേതനം

*230. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, എ.റ്റി.ജോർജ്

,, സി.പി.മുഹമ്മദ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചത്; വിശദമാക്കുമോ ;

(ബി) സ്വകാര്യ ആശുപത്രി ഉൾപ്പെടെ സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പ് വരുത്തിയിട്ടുണ്ടോ ; ഇതിനായി എന്തെല്ലാം

നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

<u>ജലപാത ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി</u>

*231. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ജലപാതകൾ ഏതൊക്കെയാണ്;

(ബി) ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) ജലപാത ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>സോഷ്യൽ ടൂറിസം പദ്ധതി</u>

*232. ശ്രീ.ബെന്നി ബെഹനാൻ

,, ആർ . സെൽവരാജ്

,, ഹൈബി ഈഡൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) അന്യം നിന്ന് പോകുന്നതും അവഗണിക്കപ്പെടുന്നതുമായ കലാരൂപങ്ങൾ സംരക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യ വികസനം</u>

*233. ശ്രീ.എം.ഉമ്മർ

,, സി.മോയിൻ കുട്ടി

,, കെ.എൻ.എ.ഖാദർ

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യാപകർ എന്നീ ഘടകങ്ങളുടെ കാര്യത്തിൽ നിലനിൽക്കുന്ന അപര്യാപ്തത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇൻഡ്യൻ മെഡിക്കൽ കൗൺസിന്റെ പരിശോധനയെത്തുടർന്ന് മെഡിക്കൽ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ സ്തംഭനാവസ്ഥയുണ്ടായിട്ടുണ്ടോ ;

(ഡി) എങ്കിൽ എതൊക്കെ മെഡിക്കൽ കോളേജുകളിൽ ഏതൊക്കെ കോഴ്സുകൾ അനുവദിക്കാനാണ് പ്രൊപ്പോസൽ നൽകിയിരുന്നത് എന്നതിന്റെ വിശദാംശം നൽകാമോ ?

<u>ജനകീയ ഇൻഷ്വറൻസ്</u>

*234. ശ്രീ.പി.തിലോത്തമൻ

,, വി.എസ്.സുനിൽ കുമാർ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരൾ രോഗം, കാൻസർ തുടങ്ങിയ മാരകമായ രോഗങ്ങൾ ബാധിച്ചവർക്ക് തുടർ ചികിത്സ സൗജന്യമാക്കുന്നതിന് ജനകീയ ഇൻഷ്വറൻസ് നടപ്പാക്കണമെന്ന് മനുഷ്യവകാശ കമ്മീഷന്റെ നിർദ്ദേശമുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി</u>

*235. ശ്രീ.ഹൈബി ഈഡൻ

,, കെ.ശിവദാസൻ നായർ

,, എ.പി.അബ്ദുള്ളക്കുട്ടി

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഏതൊക്കെ പ്രദേശങ്ങളിലാണ് ഈ പദ്ധതി ആരംഭിക്കുന്നത്; മാനദണ്ഡം വിശദമാക്കുമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ രൂപീകരണ ബിൽ.</u>

*236. ശ്രീ.കെ.വി.വിജയദാസ്

,, എ.കെ.ബാലൻ

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ ഐകകണ്ഠ്യേന പാസാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ രൂപീകരണ ബില്ലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ ;

(ബി) ബില്ലിന് ഇതുവരെ രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാതെ പോയതിന്റെ കാരണം അറിയിക്കാമോ ;

(സി) ഇതിനായുള്ള തടസ്സങ്ങൾ എന്തെന്നും അത് നീക്കാനായി സർക്കാർ സ്വീകരിച്ച നടപടികളും അറിയിക്കാമോ ;

(ഡി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ വിവിധ ഘട്ടങ്ങളിലായി ആവശ്യപ്പെട്ട വിശദീകരണങ്ങളും അവയ്ക്ക് സംസ്ഥാനം നൽകിയ മറുപടിയും വ്യക്തമാക്കാമോ ?

<u>ജലവിമാന സർവ്വീസ്</u>

*237. ശ്രീ.കെ.ശിവദാസൻ നായർ

,, അൻവർ സാദത്ത്

,, എ.റ്റി.ജോർജ്

,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിമാന സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രധാന ടൂറിസം സെന്ററുകളെ ബന്ധപ്പെടുത്താനും അത് വഴി ടൂറിസം മേഖലയ്ക്ക് ഉണർവ് നൽകുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ

ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി എന്ന് മുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദമാക്കുമോ ;

## ഉത്തരവാദിത്ത വിനോദ സഞ്ചാര പദ്ധതി

*238. ശ്രീ.എൻ. ഷംസുദ്ദീൻ

,, കെ.മുഹമ്മദുണ്ണി ഹാജി

,, അബ്ദുറഹിമാൻ രണ്ടത്താണി

,, പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത വിനോദ സഞ്ചാര പദ്ധതിയിലൂടെ കൈവരിക്കാനായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) നിലവിൽ ഏതൊക്കെ പ്രധാന വിനോദ സഞ്ചാര മേഖലകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കൂടുതൽ വിനോദസഞ്ചാര മേഖലകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

## അന്യസംസ്ഥാന തൊഴിലാളികളുടെ സംരക്ഷണവും ആനുകൂല്യങ്ങളും

*239. ശ്രീ.സി.മോയിൻ കുട്ടി

,, കെ.എൻ.എ.ഖാദർ

,, കെ.എം.ഷാജി

,, എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളെ സംസ്ഥാനത്ത് എത്തിച്ച് ഇടനിലക്കാർ പണം കൊയ്യുന്നുവെന്നും അവർക്ക് മിതമായ സൗകര്യങ്ങൾപോലും നൽകുന്നില്ലെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് ഇടപെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) അന്യസംസ്ഥാന തൊഴിലാളികൾക്ക് നിയമപ്രകാരമുള്ള സംരക്ഷണവും ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

<u>സ്മോൾ ഫാക്ടറീസ് ബിൽ</u>

*240. ശ്രീ.പി.ഉബൈദുള്ള

,, പി.കെ.ബഷീർ

,, പി.ബി. അബ്ദുൾ റസാക്

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര തൊഴിൽ മന്ത്രാലയം തയ്യാറാക്കിയിട്ടുള്ള സ്മോൾ ഫാക്ടറീസ് (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) ബിൽ, 2014- ൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളെക്കുറിച്ച് തൊഴിൽ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വ്യവസ്ഥകൾ സംസ്ഥാനത്തെ തൊഴിൽ രംഗത്ത് ഉണ്ടാക്കാവുന്ന മാറ്റങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(സി) ഈ ബില്ലിന്റെ പരിധിയിൽ വരാവുന്ന എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
11-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].